6. ബാണാസുരസാഗർ ജലസേചന പദ്ധതി
7. റഗുലേറ്റർ-കം-ബ്രിഡ്ജ്, തൃത്താല
8. കുരയാർകുറ്റി കാരപ്പാറ ജലസേചന പദ്ധതി
9. റഗുലേറ്റർ-കം-ബ്രിഡ്ജ്, ചമ്രവട്ടം
10. അട്ടപ്പാടിവാലി ജലസേചന പദ്ധതി

(ബി) 10-12-2003-ലെ ജി. ഒ. (എം. എസ്.)69/03/ജലവിവ. ഉത്തരവ് പ്രകാരം വാമനപുരം പദ്ധതിയുടെ ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) 1. കാരാപ്പുഴ പദ്ധതി
2. ബാണാസുര സാഗർ പദ്ധതി
3. റഗുലേറ്റർ-കം-ബ്രിഡ്ജ്, തൃത്താല
4. മൂവാറ്റുപുഴ പദ്ധതി
5. കല്ലട പദ്ധതി
6. ഇടമലയാർ പദ്ധതി

(ഡി) 1. കല്ലട പദ്ധതി - 2004-ൽ
2. മൂവാറ്റുപുഴ പദ്ധതി - 2004 ഡിസംബറിൽ
3. കാരാപ്പുഴ പദ്ധതി - 2005 ഡിസംബറിൽ
4. ബാണാസുര സാഗർ പദ്ധതി - 2006-ൽ
5. റഗുലേറ്റർ-കം-ബ്രിഡ്ജ്, തൃത്താല - 2005 മാർച്ചിൽ
6. ഇടമലയാർ പദ്ധതി - 2007-ൽ

ജലമലിനീകരണ നിയന്ത്രണം

34 [191] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലമലിനീകരണത്തിന്റെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലമലിനീകരണം നിയന്ത്രിക്കുന്നതിന് ആധുനികവും കാര്യക്ഷമവുമായ ശാസ്ത്രീയമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തലസ്ഥാനത്തെ ജലസ്രോതസ്സുകളിൽ സീവറേജ് മാലിന്യം കലരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പാർവ്വതി പുത്തനാർ, ആക്കുളം കായൽ ഉള്ളൂർ, പട്ടം തോടുകൾ, കിള്ളി, കരമനയാറുകൾ എന്നിവയിലെ മാലിന്യസങ്കലനം തടയാൻ ദീർഘകാലപദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ജലമലിനീകരണം തടയുന്നതിന് ആധുനികവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നദികളിലേക്കും മറ്റ് ജലാശയങ്ങളിലേക്കും നേരിട്ടും അല്ലാതെയും പാഴ്ജലം ഒഴുക്കുന്ന വ്യവസായശാലകൾ, ആശുപത്രികൾ, പ്രമുഖ ഹോട്ടലുകൾ തുടങ്ങിയ സംസ്ഥാനത്തുടനീളമുള്ള സ്ഥാപനങ്ങളെക്കൊണ്ട് സ്വീകരിപ്പിക്കുകയും അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തുകയും ആവശ്യമായ മെച്ചപ്പെടുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.

കൂടാതെ കേരളത്തിലെ നദികളിലും ജലാശയങ്ങളിലും ജലഗുണനിലവാര നിർണ്ണയത്തിനായി 128 സ്ഥാനങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ജലഗുണ നിലവാര നിർണ്ണയം തുടർച്ചയായി നടത്തിവരുന്നു.

(ഡി) ഉണ്ട്.

(ഇ) പാർവ്വതി പുത്തനാർ, ആക്കുളം കായൽ, കിള്ളി, കരമനയാറുകൾ എന്നിവയിൽ മാലിന്യസങ്കലനം തടയാൻ ശാസ്തമംഗലം മുതൽ കുര്യാത്തിവരെയുള്ള സമാന്തരമെയിൻ സീവർ ലൈനിന്റെ പണിയിൽ വലിയശാല റെയിൽവേ ക്രോസ് ഭാഗം ഒഴിച്ചുള്ള പണികളും, കുര്യാത്തിയിലെ പമ്പിംഗ് സ്റ്റേഷനും അവിടെനിന്നും മുട്ടത്തറ സീവേജ് ഫാം വരെയുള്ള പമ്പിംഗ് ലൈനിന്റെ പണികളും പൂർത്തിയായിട്ടുണ്ട്. റെയിൽവേ ക്രോസ് ഭാഗം 2004 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനുള്ള ലക്ഷ്യത്തോടെ കരാർ നല്കിയിട്ടുള്ള കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.പി.സി.സി. പണികൾ നടത്തിവരുന്നു. അത് പൂർത്തിയാക്കുന്നതോടുകൂടി കിള്ളി, കരമനയാർ എന്നിവയിലെ മാലിന്യ സങ്കലനം ഒഴിവാക്കാൻ സാധിക്കും.

കൂടാതെ മുട്ടത്തറ സീവേജ് ഫാമിൽ ഒരു ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളൂർ, പട്ടം തോടുകളുടെ മാലിന്യ സങ്കലനം രണ്ടു മാസത്തിനകം പ്ലാമൂട്, മുറിഞ്ഞപാലം സീവേജ് പമ്പ് ഹൗസുകൾ പ്രവർത്തനമാരംഭിക്കുന്നതോടെ നിയന്ത്രിക്കാൻ കഴിയുമെന്ന് കരുതുന്നു.

"സ്വജൽധാര" പദ്ധതി

35 [192] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സ്വജൽധാര' പദ്ധതിക്കായി തൃശ്ശൂർ ജില്ലയിൽ എത്ര അപേക്ഷകർ ഉണ്ടായിരുന്നുവെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഓരോന്നിനും അനുവദിച്ചിട്ടുള്ള വിഹിതം വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയിൽ സമർപ്പിക്കപ്പെട്ട അർഹമായ മുഴുവൻ അപേക്ഷകളിലും അനുമതി നൽകാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത അപേക്ഷകളിൽ അനുമതി നൽകാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഇ) അടുത്ത സാമ്പത്തിക വർഷത്തിൽ ടി അപേക്ഷകൾക്ക് മുഴുവൻ അനുമതി നൽകുവാനും പദ്ധതികൾ പൂർത്തിയാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 'സ്വജൽധാര' പദ്ധതിക്കായി തൃശ്ശൂർ ജില്ലയിൽ നിന്ന് സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ചേലക്കര	-	35
ഒല്ലൂർ	-	23
കൊടകര	-	2
വടക്കാഞ്ചേരി	-	1
ചേർപ്പ്	-	2
ഇരിങ്ങാലക്കുട	-	2
കുന്ദംകുളം	-	1
ആകെ	-	66

LIBRARY ARCHIVES Kerala Legislative Assembly